(ബി) 16-8-1999-നും 31-12-2003-നുമിടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് കരാർ വ്യവസ്ഥയിൽ എന്നാൽ നിശ്ചിത ശമ്പള സ്കെയിലിൽ ഒരു വർഷവും അതിൽ കൂടുതൽ ദിവസവും സേവനം പൂർത്തിയാക്കിയ അംഗപരിമിതർക്ക് പുനർ/സ്ഥിര നിയമനം നൽകി ഉത്തരവായിരുന്നു.

(സി) വിവിധ ഉത്തരവുകൾ പ്രകാരം ആകെ 97 അംഗപരിമിതർക്ക് നിയമന ഉത്തരവ് നൽകിയിരുന്നു.

(ഡി&ഇ) ശ്രീമതി ഉഷ്മിത. ടി.-യിൽനിന്നും 15615/ORD/CM/13 നമ്പരായി ലഭിച്ച നിവേദനത്തിന്റെ പകർപ്പ് റിപ്പോർട്ടിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ശ്രീമതി ഉഷ്മിത. ടി പുനർ/സ്ഥിര നിയമനത്തിന് അർഹയായി ജില്ലാതല ലിസ്റ്റ് ലഭ്യമാകുന്നമുറയ്ക്ക് ചട്ടങ്ങൾക്കനുസൃതമായി നടപടി കൈക്കൊള്ളുന്നതാണ്.

അസിസ്റ്റന്റ്/ഓഡിറ്റർ (ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ്) റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

75 (3706) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അസിസ്റ്റന്റ്/ഓഡിറ്റർ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് എന്ന റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമനം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അസിസ്റ്റന്റ് തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ 271 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) 16 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും പബ്ലിക് സർവ്വീസ് കമ്മീഷന് സമയബന്ധിതമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly